കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# എടരിക്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2018-19**


**ജില്ലാ ഓഡിറ്റ് കാര്യാലയം,**

**മലപ്പുറം**

**email:** dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/1837/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 05-08-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.
എം.എ.8/19

കെ.എസ്.എ.എം.പി.എം.14/1837/19

തിയ്യതി: 05/08/2019

**മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.09.2018 മുതൽ 22.6.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത് ആർ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :24.06.2019 മുതൽ 04.07.2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.റീന ജോസഫ് | ഓഡിറ്റ് ഓഫീസർ<br>(24.06.19 മുതൽ 03.07.2019 വരെ) |
| ശ്രീ.അബ്ദുന്നാസർ പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(24.06.19 മുതൽ 03.07.2019 വരെ) |
| ശ്രീ. സന്തോഷ് പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സിയാദ് പി.പി. | സീ.ഗ്രേ. ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.ഷൈബ മണമ്മൽ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.അബ്ദുന്നാസർ.ടി | 01.04.2018 AN മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. മിനി കെ.കെ | 01.04.2018 മുതൽ 19.04.2018 വരെ |
| | ഒഴിവ് | 20.04.2018മുതൽ24.06.2018 വരെ |
| | ശ്രീമതി വനജ.പി.കെ | 25.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. മാക്സ്‌വെൽ.കെ.സി | 01.04.2018 മുതൽ 21.05.2018 വരെ |
| | ശ്രീമതി. ഐശ്വര്യ.വി.എം | 22.05.2018 മുതൽ 18.06.2018 വരെ |
| | ശ്രീ.മുജീബ് റഹ്മാൻ.പി.എം | 19.06.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സക്കീർ ഹുസൈൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. അബ്ദുൽനാസർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. റോയ് മാത്യൂ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലുബ്ന ടി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. പ്രീത എം.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, കണ്ണമംഗലം | ശ്രീ. മനോജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, എടരിക്കോട് | ശ്രീ.സുബിൻ ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉമാ വേണുഗോപാൽ | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | രസീതി പരിശോധന : അപാകതകൾ | 2-1 |
| 14 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽനികുതി ഇല്ല | 2-3 |
| 16 | അനധികൃത നിർമ്മാണം – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 2-4 |
| 17 | ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല | 2-5 |
| 18 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല | 2-6 |
| | **ഭാഗം III<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 19 | ശമ്പള കുടിശികയ്ക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-1 |
| 20 | ഓണം മുൻകൂർ തിരികെ ഈടാക്കിയില്ല | 3-2 |
| 21 | വൈദ്യുതി ബോർഡിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തു- പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമല്ല- തടസ്സം -1199116 | 3-3 |
| 22 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 3-4 |
| 23 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- അപാകതകൾ | 3-5 |
| 24 | കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രോജക്ടുകളുടെ എണ്ണം കൂടുതൽ | 3-6 |
| 25 | വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-7 |
| 26 | റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല | 3-8 |
| 27 | രേഖകൾ ലഭ്യമാക്കിയില്ല – 43750/ രൂപ തടസ്സം ചെയ്യുന്നു | 3-9 |
| 28 | ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-10 |
| 29 | ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്നും | 3-11 |

| | | |
|---|---|---|
| | വാങ്ങേണ്ടതാണ് | |
| 30 | ജാമ്യ നിക്ഷേപങ്ങൾ പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നു | 3-12 |
| 31 | പരിരക്ഷ പ്രോജക്ട് സംബന്ധിച്ച് | 3-13 |
| 32 | മുഴുവൻ മരുന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 3-14 |
| ഭാഗഴിവ്ഗം IV<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധങ്ങൾ** | | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തിയതിയിലെ ഭരണസമിതിയുടെ 2(2) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.02.2019 തിയതിയിലെ ഭരണസമിതിയുടെ 1/6 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി (ഇ-സബ്മിഷൻ) | അപാകതകൾ പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകതകൾ പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2018-19 | 1.07.2019 മുതൽ 2.07.2019 വരെ | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10,758,598 |
| വരവ് | 63,904,434 |
| ആകെ | 74,663,032 |
| ചെലവ് | 53,550,896 |
| നീക്കിയിരിപ്പ് | 21, 112, 136 |

# 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടിനം | | | | | | |
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 12794271 | 12794271 | 12449479 | 344792 | 97 % |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 2932000 | 2932000 | 1629647 | 1302353 | 55.58 |
| വികസനഫണ്ട് – ടി.എസ്.പി | 0 | 91000 | 91000 | 0 | 91000 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | 0 | 10416000 | 10416000 | 6701315 | 3714685 | 64.33 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3077000 | 3077000 | 2384559 | 692441 | 77.49 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5939000 | 5939000 | 3668541 | 2270459 | 61.77 |
| ദുരിതാശ്വാസ നിധി | രൂപീകരിച്ചിട്ടില്ല | | | | | |
| എൻ. ആർ. ഇ. ജി.എസ്. – തൊഴിലാളികളുടെ കൂലി | 0 | 3437697 | 3437697 | 3437697 | 0 | 100% |
| എൻ. ആർ. ഇ. ജി.എസ്. – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 272717 | 192022 | 464739 | 418000 | 46739 | 89.94 % |
| ബി. ഫണ്ട് | 0 | 28,298,800 | 28,298,800 | 28,298,800 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് (ACR പ്രകാരം) | 0 | 10,847,381 | 10,847,381 | 7603328 | 3244053 | 70.09% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 57682795 | 122 | 39215282 | 2 | 68 | 63.54 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 27,2717 | 192022 | 464739 | 418000 | 46739 |
| EFMS വഴി | 0 | 3437697 | 3437697 | 3437697 | 0 |

| | | | | | |
|---|---|---|---|---|---|
| നൽകിയത് | | | | | |
| ആകെ | 27,2717 | 3629719 | 3902436 | 3855697 | 46739 |

# 1-8 ക്ഷേമ പദ്ധതികൾ

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 19200 | 10 |
| കർഷകതൊഴിലാളിപെൻഷൻ | 1406400 | 122 |
| വിധവാപെൻഷൻ | 11208100 | 932 |
| വാർദ്ധക്യകാലപെൻഷൻ | 11422100 | 1000 |
| വികലാംഗപെൻഷൻ | 3761300 | 303 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 202400 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. മുൻ ദിവസത്തെ കളക്ഷൻ തുക പൂർണ്ണമായും ബാങ്കിൽ അടവാക്കിയിരുന്നതിനാൽ നീക്കിയിരുപ്പ് ഒന്നും അവശേഷിച്ചിരുന്നില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1) സർക്കാർ മാർഗനിർദ്ദേശപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) രസീത് ബുക്കുകളുടെ സ്റ്റോക്ക്, വിതരണം, പണം പിരിവ്, ആയതിന്റെ രേഖപ്പെടുത്തൽ, പണം ഒടുക്ക് എന്നിവയ്ക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ആയത് ജാഗ്രതയോടെ നിർവഹിക്കേണ്ടതുമാണ്.

4) പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ നികുതി, ഡിആന്റ്ഒ ലൈസൻസ് തുടങ്ങിയവ പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള പഞ്ചായത്തുതല ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട

സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുടെ കൃത്യത പരിശോധിക്കേണ്ടതുമാണ്. നിർദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

6) ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8) മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2019 | മെയ് 2019 | 13.06.2019 |
| എ.ജി ഓഡിറ്റ് | 2.12.2009 മുതൽ 15.12.2009 വരെ | 2004-05 മുതൽ 2008-09 വരെ | 15.01.2010 |

# 1-12 വാർഷിക കണക്കിൽ കണ്ടെത്തിയ അപാകതകൾ

എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോക്ക് റജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ B14 ഷെഡ്യൂൾ പ്രകാരമുള്ള closing stock- 61852 രൂപയുടെ കൃത്യത പരിശോധിക്കാനായില്ല.
2. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല.
3. വസ്തു നികുതിയിനത്തിൽ മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരം 22,44,232 രൂപ കുടിശ്ശികയുണ്ട്. 17,46, 562രൂപ മാത്രമാണ് receipt&payment പത്രികയിലെ RP-43 പ്രകാരം തൻ വർഷം പിരിച്ചെടുത്തിട്ടുള്ളത്. ബാക്കി 497670 പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. എന്നാൽ 2018-19 AFS , B15 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയിനത്തിൽ 1,76,110 രൂപ മാത്രമാണ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്.
4. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഈയിനത്തിൽ 2014 വർഷം നിക്ഷേപിച്ച 78132 രൂപ ക്രമീകരിക്കാനവശേഷിക്കുന്നു.
5. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് വർക്കുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ള ആദായ നികുതി, ചരക്ക് സേവന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ AFS- ൽ ഉൾപെടുത്തിയിട്ടില്ല.
6. അടുത്ത വർഷത്തേക്കുള്ള ഭരണ ചെലവുകൾക്ക് വർഷാന്ത്യത്തിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ( ഉദാ. പെട്രോൾ, ടി.എ, ഇലക്ട്രിക് ചാർജ് മുതലായവ)

7. Fixed asset കളുടെ തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ രേഖകൾ ( Rate of depreciation, book value of asset, life time of asset etc.) പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പരിശോധന : അപാകതകൾ

രസീതി ബുക്കുകൾ മുൻകൂർ ആയും ഒന്നിലധികമായും ഇഷ്യൂ ചെയ്യുന്നു.

| ക്രമ നം. | രശീതി നം. | തിയതി | ഇഷ്യൂ ചെയ്തത് | റിമാർക്സ് |
|---|---|---|---|---|
| 1 | 53801 | 27.3.2019 | ശ്രീ റജി ബി5, | നാളിതുവരെ ഒരു ലീഫും ഉപയോഗിച്ചിട്ടില്ല. |
| 2 | 53803 | 26.4.2019 | ശ്രീ റജി ബി5, | ഒരു ലീഫ് ഉപയോഗിച്ചു കാണുന്നു |
| 3 | 53804 | 30.4.2019 | ശ്രീ. ആമിർ ബി2, | നാളിതുവരെ ഒരു ലീഫും ഉപയോഗിച്ചിട്ടില്ല. |
| 4 | 53805 | “” | ശ്രീ.അഖിൽ പി. ബി4, | “” |
| 5 | 53806 | 06.5.2019 | ഫ്രണ്ട് ഓഫീസ് | “” |

ആവശ്യകത വിലയിരുത്താതെ മുൻകൂറായി രശീതി നല്കിയതിനെ തുടർന്ന് മുൻ സാമ്പത്തിക വർഷാവസാനം ശ്രീ. റജി എന്ന ഉദ്യോഗസ്ഥനു നല്കിയിരുന്ന 7425 എന്ന രസീതി ബുക്ക് ഒരു ലീഫ് പോലും ഉപയോഗിക്കാതെ ഉപയോഗ ശൂന്യമാക്കിയ സാഹചര്യം ഉണ്ടായിരുന്നു. മാത്രമല്ല ക്രമ നം. 1 പ്രകാരം ഇതേ ജീവനക്കാരനു ഇഷ്യൂ ചെയ്ത രസീതിയിലെയും ഒരു ലീഫ് പോലും ഉപയോഗിക്കാതെയാണ് ക്രമ നം.2 പ്രകാരമുള്ള പുതിയ രസീതി വീണ്ടും നല്കിക്കാണുന്നത്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടും, നിലവിൽ ഇഷ്യൂ ചെയ്ത് രണ്ട് മാസത്തോളം ആയിട്ടും ഒരു ലീഫ് പോലും ഉപയോഗിച്ചിട്ടില്ലാത്ത രശീതികൾ ആവശ്യമാകുന്ന മുറക്ക്/ജീവനക്കാർക്ക് മാത്രം ഇഷ്യൂ ചെയ്യുവാനായി സ്റ്റോക്കിലേക്ക് തിരികെ എടുക്കാനും നിർദേശിച്ചു നല്കിയ ഓഡിററ് എൻക്വയറി നം.1/27.6.2019 നു ലഭ്യമാക്കിയ മറുപടിയിൽ ഇഷ്യൂ ചെയ്ത രസീതി ദുരുപയോഗപ്പെടുത്താതിരിക്കാനാണ് നശിപ്പിച്ചതെന്നും, ഒരേസമയം ഒന്നിലധികം രസീതി അനുവദിക്കുന്നില്ലെന്നും ഇഷ്യൂ ചെയ്ത രസീതികൾ അതാതു ഉദ്യോഗസ്ഥർ തന്നെ പിരിവിനായി ഉപയോഗിക്കുന്നുവെന്നും ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുന്നതണെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

രസീതി ബുക്കുകളുടെ സ്റ്റോക്ക്, വിതരണം, പണം പിരിവ്, ആയതിന്റെ രേഖപ്പെടുത്തൽ, പണം ഒടുക്ക്, പണം പിൻവലിക്കൽ മുതലായവക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും, മേൽനോട്ട ചുമതലയുള്ള മേലുദ്യോഗസ്ഥൻ ആയത് ജാഗ്രതയോടെ നിർവഹിക്കേണ്ടതുമാണ്. ഇക്കാര്യത്തിലെ അലംഭാവം ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതാണ്.

## 2-2 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഓരോ

അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ വിവിധ മരാമത്തു ജോലികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എഗ്രിമെന്റ് റജിസ്റ്റർ പ്രകാരം 15 കരാറുകാർ പഞ്ചായത്തിലെ വിവിധ മരാമത്തു ജോലികൾ ഏറ്റെടുത്തു നടത്തിയതായി കാണുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 12/2.7.2019 ന മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കാൻ ഉചിതമായ തുടർനടപടികൾ സ്വീകരിച്ച പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 റേഷൻ കടകൾക്ക് ലൈസൻസ്,തൊഴിൽ നികുതി ഇല്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട ഡി ആൻഡ് ഓ റജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് (നിലവിൽ 7 എണ്ണം ഉള്ളതായി കാണുന്നു) ലൈസൻസ് നല്കിയതായോ തൊഴിൽ നികുതി പിരിച്ചതായോ കാണുന്നില്ല. മുൻവർഷ റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിക്കപ്പെട്ടതാണെങ്കിലും ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ പഞ്ചായത്തു സ്വീകരിച്ചിട്ടില്ല.

മുഴുവൻ റേഷൻ കടകൾക്കും നിയമപ്രകാരമുള്ള ലൈസൻസ് നല്കാനും അവയിൽ നിന്നും വരുമാനത്തിനു ആനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും, അല്ലാത്ത പക്ഷം എതെങ്കിലും സ്ഥാപനത്തെ ലൈസൻസ് എടുക്കുന്നതിൽ നിന്നോ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നോ വിമുക്തരാക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ (Exemption Order-) ഓഡിറ്റിനു ഹാജരാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 അനധികൃത നിർമാണം : തുടർ നടപടി സ്വീകരിക്കേണ്ടതാണ്

അനധികൃത നിർമാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നാലു കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. മേൽ കെട്ടിടങ്ങളിൽ നിന്നും ആയത് നിയമ വിധേയമാക്കുന്നത് വരെ മൂന്നു മടങ്ങു കെട്ടിട നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ഇത്തരത്തിൽ നികുതി ചുമത്തിയതായോ മറ്റു നിയമ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചതായോ കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലും മേൽ കെട്ടിടങ്ങളുടെ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്തിലെ അനധികൃത കെട്ടിട നിർമാണങ്ങൾ കണ്ടെത്താനും, അവയ്ക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 235 ഇസഡ് പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കാനും, അതു വരെ സെക്ഷൻ 235 എ എ പ്രകാരമുള്ള നികുതി ഈടാക്കാനും, വിശദാംശം ബന്ധപ്പെട്ട രേഖകളിലും സോഫ്റ്റ് വെയറിലും റജിസ്റ്ററിലും അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷം ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറത്തിന്റെ വില നാളിതുവരെ ലഭിക്കാനുള്ളത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അക്കൗണ്ടിൽ വരവ് വെക്കേണ്ടതുമാണ്.

## 2-6 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയ തുകയിൽ നിന്നും 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള കുടിശ്ശികക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

ജീവനക്കാരുടെ 1-7-2014 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ ക്യാഷ് ആയി വിതരണം ചെയ്യുന്നതിനും/ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുമായി താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

**വിശദ വിവരം ചുവടെ കൊടുക്കുന്നു.**

| വൗച്ചർ നമ്പർ | ജീവനക്കാരുടെ പേർ | കുടിശ്ശിക വിവരം | കുടിശ്ശിക തുക ( പലിശ ഒഴികെ) |
|---|---|---|---|
| 21800060/ 27-4-2018 31210 രൂപ | ശ്രീ. ദിലീപ്കുമാർ, ബിൽ കലക്ടർ (റിട്ട.) | മൂന്നാം ഗഡു, (ക്യാഷ്) | 29006 |
| 21800122/ 21-5-2018 17452 രൂപ | ബിനു കുമാർ.വി, ഹെഡ് ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 16219 |
| 21800123/ 21-5-2018 | വിജയകുമാർ, ഹെഡ് ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 15696 |

| | | | |
|---|---|---|---|
| 16889രൂപ | | | |
| 21800124/<br>21-5-2018<br>20978രൂപ | വേണു ഗോപാലൻ,എ.എസ്. | മൂന്നാം ഗഡു, (പി.എഫ്.) | 19496 |
| 21800125/<br>21-5-2018<br>15253രൂപ | പ്രശാന്ത്. സി.കെ.<br>അക്കൗണ്ടന്റ് | മൂന്നാം ഗഡു, (പി.എഫ്.) | 14176 |
| 21800126/<br>21-5-2018<br>9566 രൂപ | സരിത,<br>സീനിയർ ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 8890 |
| 21800127/<br>21-5-2018<br>11002 രൂപ | അജയകുമാർ,<br>ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 10225 |
| 21800128/<br>21-5-2018<br>5923 രൂപ | അജേഷ്. കെ,<br>ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 5505 |
| 21800129/<br>21-5-2018<br>2425 രൂപ | ഹരി കൃഷ്ണൻ. ടി.എസ്.<br>ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 2254 |
| 21800131/<br>21-5-2018<br>15490 രൂപ | ഷാനാവാസ്. സി.കെ, സീനിയർ ക്ലാർക്ക് | മൂന്നാം ഗഡു, (പി.എഫ്.) | 14396 |
| 21800467/<br>22-9-2018<br>33204 രൂപ | ശ്രീമതി. ഗിരിജ. സി.കെ, സെക്രട്ടറി (റിട്ട.) | മൂന്നാം ഗഡു, (ക്യാഷ്.) | 30859 |
| 21800531/<br>9-10-2018<br>31210 രൂപ | ശ്രീ. ദിലീപ്കുമാർ,<br>ബിൽ കലക്ടർ (റിട്ട.) | നാലാം ഗഡു, (ക്യാഷ്.) | 29006 |
| 21800556/<br>22-10-2018<br>2294 രൂപ | ശ്രീ. ദുൽഫികർ,<br>ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്.) | 2210 |
| | | | |

| | | | |
|---|---|---|---|
| 21800557/<br>22-10-2018<br>17452 രൂപ | ബിനു കുമാർ.വി,<br>ഹെഡ് ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്.) | 16219 |
| 21800559/<br>22-10-2018<br>16292രൂപ | വിജയകുമാർ,<br>ഹെഡ് ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്.) | 15696 |
| 21800558/<br>22-10-2018<br>20238രൂപ | വേണു ഗോപാലൻ,എ.എസ്. | നാലാം ഗഡു, (ക്യാഷ്.) | 19497 |
| 21800560/<br>22-10-2018<br>14715രൂപ | പ്രശാന്ത്. സി.കെ.<br>അക്കൗണ്ടന്റ് | നാലാം ഗഡു, (ക്യാഷ്.) | 14176 |
| 21800562/<br>22-10-2018<br>9227 രൂപ | സരിത,<br>സീനിയർ ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്.) | 8889 |
| 21800563/<br>22-10-2018<br>10614 രൂപ | അജയകുമാർ,<br>ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്. | 10225 |
| 21800564/<br>22-10-2018<br>5716 രൂപ | അജേഷ്. കെ,<br>ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്. | 5507 |
| 21800565/<br>22-10-2018<br>2341രൂപ | ഹരി കൃഷ്ണൻ. ടി.എസ്.<br>ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്. | 2255 |
| 21800561/<br>22-10-2018<br>14943 രൂപ | ഷാനാവാസ്. സി.കെ, സീനിയർ ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്. | 14396 |
| 21800561/<br>22-10-2018<br>14943 രൂപ | ഷാനാവാസ്. സി.കെ, സീനിയർ ക്ലാർക്ക് | നാലാം ഗഡു, (ക്യാഷ്. | 14396 |

കൂടാതെ താഴെ കൊടുത്തിട്ടുള്ള ജീവനക്കാർക്ക് ഇൻക്രിമെന്റ് അരിയർ, റേഷ്യോ പ്രമോഷൻ അരിയർ എന്നിവ നൽകിയ ഇനത്തിൽ അർഹമായ അംശദാനവും അടവാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | ജീവനക്കാരുടെ പേര് | ഇനം | അരിയർ ശമ്പളം |
|---|---|---|---|
| 21800583/ 3-11-2018<br>13488 രൂപ | ശ്രീ.അബ്ദുന്നാസർ.ടി. സെക്രട്ടറി | ഇൻക്രിമെന്റ് അരിയർ | 11729 |
| 21800599/ 3-11-2018<br>20602 രൂപ | ശ്രീമതി. മിനി.കെ.കെ. | റേഷ്യോ പ്രമോഷൻ അരിയർ | 14611 |

കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ഓണം മുൻകൂർ തിരികെ ഈടാക്കിയില്ല

വൗച്ചർ നമ്പർ- 21800385/ 18-8-2018 പ്രകാരം 150000 രൂപ ജീവനക്കാരുടെ ഓണം മുൻകൂർ നൽകുന്നതിനായി പിൻവലിക്കുകയും 10 ജീവനക്കാർക്ക് 15000 രൂപ നിരക്കിൽ മുൻകൂർ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. അനിൽ കുമാർ എ. എന്നവരിൽ നിന്നും ആദ്യ 2 ഗഡുവായ 6000രൂപ മാത്രമേ തിരികെ ഈടാക്കിയിട്ടുള്ളൂ. ബാക്കി 9000 രൂപ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കിയിട്ടില്ല.ആയത് തിരികെ ഈടാക്കി വിവരം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3-3 വൈദ്യുതി ബോർഡിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തു- പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമല്ല.

താഴെ കൊടുത്തിട്ടുള്ള വിധം 1199116/-രൂപ വൈദ്യുതി ബോർഡ്, എടരിക്കോട് സെക്ഷൻ അസി. എഞ്ചിനീയരുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി വൈദ്യുതി ബോർഡിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രമോ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ ബിൽ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പറും | നിക്ഷേപിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 21801036/ 13-3-2019 | സ്ട്രീറ്റ് മെയിൻ വലിക്കൽ<br>പ്രൊജക്ട് നമ്പർ-54/19 | 1199116<br>(തനത് ഫണ്ട്) | വിവിധ വാർഡുകളിലായി 7.83 KM |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ--1 ലെ പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുകയാണെന്ന് അറിയിച്ചു. പൂർത്തീകരണ

സാക്ഷ്യപത്രം ലഭിക്കുന്നത് വരെ ചെലവ് തുക 11,99,116 രൂപ തടസ്സം ചെയ്യുന്നു.

## 3-4 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

**പ്രൊജക്ട് നമ്പർ- 134/19**

**അടങ്കൽ- 300000**

**ബിൽ നമ്പർ- 3/2018-19, തി-11-3-2019, 177427 രൂപ**

1.മേൽ പ്രൊജക്ട് പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും 38 സ്റ്റീൽ ടേബിൾ ( 36"x18"x30", 22 guage ) നികുതിയുൾപ്പെടെ ടേബിൾ ഒന്നിന് 4670 രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ. (എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ, തി- 3-4-2017 നമ്പർ പദ്ധതി മാർഗ്ഗ രേഖയിൽ എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും(സ്റ്റീൽ/ മരം) വാങ്ങി നൽകുന്നതിന് 5000 രൂപ വരെ ധനസഹായം അനുവദിക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം, മേശയും കസേരയും നൽകുന്നതിന് പകരം മേശ മാത്രമാണ് ഒന്നിന് 4670 രൂപ ചെലവഴിച്ച് വിതരണം ചെയ്തത്. ഇത് മാർഗ്ഗ രേഖാ നിർദ്ദേശത്തിന് വിരുദ്ധമാണ്. മാത്രമല്ല കസേര ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് പഠനത്തിന് മേശ ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇക്കാരണത്താൽ പദ്ധതി ലക്ഷ്യം നേടിയതായി കണക്കാക്കാനാവില്ല.

2. വാങ്ങിയ 38 ടേബിളുകളിൽ 35 എണ്ണം വിതരണം ചെയ്തതായി മാത്രമാണ് കൈപറ്റ് രേഖകൾ ഹാജരാക്കിയിട്ടുള്ളത്. മറ്റ് 3 ടേബിളുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 3 ടേബിളുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്ത വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ (15/03.07.2019) ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3 ടേബിളുകളുടെ വില നൽകിയ തുക 14010 രൂപ തടസ്സം ചെയ്യുന്നു.

## 3-5 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- അപാകതകൾ

പ്രൊജക്ട് നമ്പർ- 19/19

അടങ്കൽ - 600000

മേൽ പ്രൊജക്ട് പ്രകാരം , ടെണ്ടർ നടപടികളിലൂടെ പി.ജെ. മാർക്കറ്റിംഗ്, പാലാരിവട്ടം, എറണാംകുളം, എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ് ഒന്നിന് 27750 രൂപ നിരക്കിൽ 20 ലാപ്ടോപുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ പ്രകാരമുള്ള തുക 5,55,001 രൂപ 2019-20 ൽ സ്ഥാപനത്തിന് നൽകി. ( 2018-19 വർഷത്തിൽ ക്യൂ ബിൽ ആയതിനാൽ 2/2019-20, തി- 10-5-2019 നമ്പർ ബിൽ പ്രകാരം സ്ഥാപന ത്തിന് തുക നൽകിയിട്ടുണ്ട്. )

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ കൊടുത്തിട്ടുള്ള വിധം അപാകത കാണുന്നു.

സ.ഉ. (എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ, തി- 3-4-2017 നമ്പർ പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് ഡിപ്ലോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്

സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ 30000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്പോപ് വാങ്ങി നൽകുന്നതിന് സർക്കാർ അനുമതിയുണ്ട്. എന്നാൽ ലാപ്പോപുകൾ വാങ്ങി നൽകിയ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളോ അവർ പഠിക്കുന്ന കോഴ്സുകളോ മേൽ പ്രകാരമുള്ളവയല്ല.

| ക്രമ നമ്പർ | ലാപ്പോപ് കൈപറ്റിയ വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം | കോഴ്സിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | കവിത. എ | കോട്ടക്കൽ കോ.ഓ. ആർട്സ് കോളേജ് | ബി.കോം | സർവ്വകലാശാലയിൽ റജിസ്റ്റർ ചെയ്തതായി വിവരം ലഭ്യമാക്കിയിട്ടില്ല |
| 2 | ദിൻഷ. കെ. | എെ.ടി.പി.സി. കോട്ടക്കൽ | കേരള സ്റ്റേറ്റ് റിട്രോണിക്സ് കംപ്യൂട്ടർ ടീച്ചേഴ്സ് ട്രൈനിംഗ് കോഴ്സ്. | സർട്ടിഫിക്കറ്റ് കോഴ്സ് |
| 3 | അഭിജിത്.കെ | റാഡിക്സ്, കോളേജ് ഓഫ് സെൽ ഫോൺ | ഡിപ്ലോമ ഇൻ ഡിജിറ്റൽ എഞ്ചിനീയറിംഗ് | സർട്ടിഫിക്കറ്റ് കോഴ്സ് |
| 4 | ദില്ഷ കറുമത്ത് | എെ.എസ്.എെ.ടി. കോട്ടക്കൽ | IBFA ( International business and financial accounting) | സർട്ടിഫിക്കറ്റ് കോഴ്സ് |
| 5 | സുബിൻ. വി. | തിരൂർ കോ.ഓ. ആർട്സ് കോളേജ് | ബി.കോം | സർവ്വകലാശാലയിൽ റജിസ്റ്റർ ചെയ്തതായി വിവരമില്ല |
| 6 | ജിതിൻ .കെ. | കോട്ടക്കൽ കോ.ഓ. ആർട്സ് കോളേജ് | ബി.കോം | സർവ്വകലാശാലയിൽ റജിസ്റ്റർ ചെയ്തതായി വിവരമില്ല |
| 7 | രതീഷ് കക്കാടൻ | ലിഗേറ്റ് അഡ്വാൻസ്ഡ് അക്കാദമി, കോട്ടക്കൽ | DDSA ( Diploma in digital security and automation) | സർട്ടിഫിക്കറ്റ് കോഴ്സ് |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി പ്പണം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. (15/03.07.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-6 കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രോജക്ടുകളുടെ

## എണ്ണം കൂടുതൽ

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വർഷം തയ്യാറാക്കിയ 122 പ്രോജക്ടുകളിൽ 65 എണ്ണവും ഒന്നര ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ മുപ്പത് മീറ്റർ മുതൽ അൻപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. ഇപ്രകാരം ഭാഗികമായി പ്രവർത്തി നടത്തുന്നത് ഭാഗികമായി മാത്രം ലക്ഷ്യം കൈവരിക്കുന്നതിനേ ഉപകരിക്കു. പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു. നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ഓഡിറ്റ് വർഷം 46 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു.

പദ്ധതി പ്രവർത്തനത്തിന്റെ മൊത്തം അടങ്കൽ തുക 5.76 കോടി രൂപയാണെങ്കിൽ 2.44 കോടി രൂപ അടങ്കലുള്ള പ്രവർത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കുന്നത്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന LSGD എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങിനിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. ഇപ്രകാരം പ്രോജക്ടുകളുടെ എണ്ണം കൂട്ടി ഭാഗികമായി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

## 3-7 വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത്

വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കി പ്രോജക്ട് നിർദ്ദേശങ്ങളിൽ ഗൗരവതരമായ പരിശോധന ഉറപ്പുവരുത്തുന്നതിലും പരിശ്രമമുണ്ടാകുന്നില്ലായെന്ന് കാണുന്നു.

മുൻവർഷങ്ങളിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതിലും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതിലും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കാര്യമായ ചുമതലകൾ നിറവേറ്റാനുണ്ട്. ബന്ധപ്പെട്ട മിനിട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ വർഷത്തിൽ മൂന്നു തവണയാണ് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുള്ളതെന്നും ഇതിൽ തീരുമാനങ്ങൾ ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല എന്നും കാണാവുന്നതാണ്. പദ്ധതികൾ നിർദ്ദേശിച്ച് തുടർന്നുള്ള ഘട്ടത്തിലോ മോണിറ്ററിങ്ങിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്നിട്ടില്ലായെന്നും കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ സുതാര്യതയും ബഹുജനപങ്കാളിത്തവും ഉറപ്പു വരുത്താനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

## 3-8 റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് തുടങ്ങിയ പ്രവ്യത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നംപർ സർക്കുലറിൽ നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 രേഖകൾ ലഭ്യമാക്കിയില്ല. 43750 രൂപ തടസ്സം ചെയ്യുന്നു.

2018-19 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ 31/18-19 പ്രകാരം തനത് ഫണ്ടിൽ നിന്നും 43750 രൂപ പിൻവലിച്ച് (ചെക്ക് നമ്പർ 229559/7-3-19) പത്താംതരം തുല്യത 12ാം ബാച്ച് കോഴ്സ് ഫീസ് ആയി സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. മേൽ തുക കൈപ്പറ്റിയതിന്റെ രശീതിയും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ 43750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 6/2-7-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 3-10 ഐ സി ഡി എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

2018-19 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണഉദ്യോഗസ്ഥയായി വികസനഫണ്ടിൽ നിന്നും 59399 രൂപ ചെലവഴിച്ച് ടെണ്ടർ നടപടിയിലൂടെ ബിഗ് ബിസ് എ ഗ്രൂപ്പ് ഓഫ് ബിസിനസ് വെഞ്ചർ എടരിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| സാധനത്തിന്റെ പേര് | എണ്ണം | വില |
|---|---|---|
| ഇൻവെർട്ടർ സ്പ്ലിറ്റ് എ സി | 1 | 30937 |
| എൽ ഇ ഡി ടി വി 32” | 1 | 14322 |
| ഡി വി ഡി പ്ലെയർ | 1 | 2457 |

ഐ സി ഡി എസ് സൂപ്പർവൈസർ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, വാങ്ങിയ തീയതി, സ്ഥാപനം, വില, ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുകയോ കൃത്യമായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2-7-19 ന് മേൽ സാധനങ്ങൾ നൽകിയിട്ടുള്ള കുട്ടാട്ടുപാറ അംഗനവാടിയിൽ (സെന്റർ നമ്പർ 15) സ്ഥലപരിശോധന നടത്തിയപ്പോൾ അവിടെയും സമാന രീതിയിലാണ് സ്റ്റോക്ക് എൻട്രി നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞു. ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞില്ല. സ്റ്റോക്ക് പരിശോധനാ സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല. വില കൂടിയ സാധനങ്ങളും ഭക്ഷ്യവസ്തുക്കളും വാങ്ങിയിട്ട് അവയുടെ സ്റ്റോക്ക് രജിസ്റ്റർ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ശരിയല്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഭക്ഷ്യസാധനങ്ങൾ ഗുണനിലവാരം ഉറപ്പ് വരുത്തി

## വാങ്ങേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ പ്രോജെക്ട് നമ്പർ 55/18-19 അനുപൂരക പോഷകാഹാരം പ്രകാരം വികസനഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് ഫണ്ട് എന്നിവയുൾപ്പടെ 19,97,188 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻ വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണഉദ്യോഗസ്ഥയായി അംഗനവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കൽ വാങ്ങിയത് മലബാർ അഗ്രിക്കൾച്ചറൽ ആന്റ് ജനറൽ മാർക്കറ്റിംഗ് ചേലേമ്പ്ര എന്ന സ്ഥാപനത്തിൽ നിന്നാണ്. 19-1-18 ലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 30 ാം നമ്പർ തീരുമാനപ്രകാരം ഐസിഡിഎസ് സൂപ്പർവൈസറുടെ വിയോജനക്കുറിപ്പ് നിലനിൽക്കെയാണ് പഞ്ചായത്ത് ഇങ്ങനെയൊരു തീരുമാനം എടുത്തിട്ടുള്ളത്. ഭക്ഷ്യസാധനങ്ങൾ പുറമെനിന്നു വാങ്ങുന്നത് വ്യാപകമായ ക്രമക്കേടുകൾക്ക് ഇടയാക്കുന്നുണ്ട്. ഭക്ഷ്യ സാധനങ്ങൾ ഗുണനിലവാരം ഉറപ്പു വരുത്തി മാത്രം വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ജാമ്യ നിക്ഷേപങ്ങൾ പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നു

2018-19 വർഷത്തിൽ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിച്ച ജാമ്യ നിക്ഷേപങ്ങൾ അതാത് പ്രവൃത്തികളുടെ ഫയലിൽ തന്നെ വച്ചിരിക്കുന്നു. ഉദാ.അമ്പലവട്ടം നരിക്കാവ് റോഡ് കോൺക്രീറ്റ്(185/19),അംഗൻവാടി നവീകരണം (63/19)

ജാമ്യ നിക്ഷേപങ്ങൾ മൂന്നു വർഷം കഴിഞ്ഞ് തിരികെ നൽകിയില്ലെങ്കിൽ ആയത് പണമാക്കി മാറ്റി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. അതുകൊണ്ട് തന്നെ ജാമ്യ നിക്ഷേപങ്ങൾ സെക്യൂരിറ്റി രജിസ്റ്റർ പരിപാലിച്ച് പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതും അസി. എഞ്ചിനീയറുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതുമാണ്.മേൽ നിർദേശം പാലിക്കേണ്ടതാണ്.

## 3-13 പരിരക്ഷ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആരോഗ്യം
പരിരക്ഷ പ്രൊജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പാലിയേറ്റീവ് പരിചരണത്തിനായി 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഇത് അടിസ്ഥാനമാക്കി പരിരക്ഷ പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം എെ.കെ.എം ലഭ്യമാക്കേണ്ടതുമാണ്. ആരോഗ്യസ്ഥാപനത്തിലേയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.* എന്നാൽ ഇത്തരത്തിലുള്ള ഒരു ഓൺലൈൻ സംവിധാനം എെ.കെ.എം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുകയും ഗൃഹസന്ദർശനങ്ങളുടെ ഓൺലൈൻ റിപ്പോർട്ട് അതതു ദിവസം മെഡിക്കൽ ഓഫീസർ കണ്ട് ബോധ്യപ്പെടേണ്ടതുമാണ്.

2) പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ,

ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല എന്ന മാർഗ്ഗനിർദേശം പൂർണ്ണമായി പാലിച്ചതായി കാണുന്നില്ല.

3)പരിരക്ഷ മരുന്നുവാങ്ങലിനായി ബിൽ നമ്പർ 5/18-19/11-7-18 പ്രകാരം 3,00,000 രൂപ കെ.എം.എസ്.സി.എൽന് നൽകിയിട്ടുണ്ട്. എന്നാൽ 6,578 രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട് എന്നു കാണുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) കിടപ്പു രോഗികൾ, മറ്റുരോഗികൾ എന്നിങ്ങനെ എല്ലാ വിഭാഗം രോഗികളെ കുറിച്ചും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും പരിചരണം ആവശ്യമായ എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പു വരുത്തേണ്ടതും ആണ്.

# 3-14 മുഴുവൻ മരുന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

നിർവ്വഹണം :മെഡിക്കൽ ഓഫീസർ, ആയുർവേദം

ചെലവ് തുക:3,80,000രൂപ

ബിൽ നമ്പർ:1/18-19 തിയതി.30.11.18, 2/18-19 തിയതി.5-2-19

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (S056/19)പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 3,30,000 രൂപയും തനത് ഫണ്ടിൽ നിന്നും 50,000 രൂപയും ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3,06,022 രൂപക്കുള്ള മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. 73,978 രൂപയുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. പണം കൈപറ്റി 2 മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കാമെന്ന് ഔഷധിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാവുന്നത് വരെ 73,978/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 51/19 സ്കൂൾ വേസ്റ്റ് മാനേജ്മെൻറ് | 0 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 46/19, പരിരക്ഷ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 150000 | 34/19 സ്കോളർഷിപ്പ് | 150000 | ം |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 34/19 സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 55/19 സബല പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 354000 | 117/19, ലൈഫ് | 354000 | 0 |
| ജില്ലാ പഞ്ചായത്ത് | 245830 | 117/19, ലൈഫ് | 245830 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 80000 | 128/19 സബ്സിഡി ടു മിൽക്ക് | 0 | 80000 |
| ജില്ലാ പഞ്ചായത്ത് | 161200 | ലൈഫ് (എസ്.സി) | 0 | 161200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ-21801036/13-3-2019 | 1199116 | 1199116 | പൂർത്തീകരിച്ചിട്ടില്ല | 1199116 |
| കെ.എസ്.ഇ.ബി | കുട്ടാട്ടുപാറ തൈക്കാട്ടുപ്പടി ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ | 30/18-19, 25-3-2019 | 72275 | 72275 | 2-7-2019 ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ലൈഫ് ഭവന പദ്ധതിക്ക് ശേഷിക്കുന്ന തുകക്കായി | ഉത്തരവ് നമ്പർ ലഭ്യമാക്കിയിട്ടില്ല. 1494813 രൂപ 7-1-2019 നം 300000 രൂപ 14-3-2019 നം വരവിലെടുത്തിട്ടുണ്ട്. | 1794813 | 00 | 0 | 0 | 1794813 | - |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | 3.3.1.5 | 1995983 | ശ്രീ. മാക്സ് വെൽ കെ.സി. അസി.എൻജിനീയർ | 118010104083 |

| | | | | |
|---|---|---|---|---|
| | | | | തിയതി: 05/10/2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പുറമേ 30% തുക അധികം നൽകിയത് (സൊലേഷ്യം) | നടപടികൾ തുടരുന്നു |
| 2011-12,12-13 | | 2014-15 | 4(1)(a) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 48 | പി.ചന്ദ്രശേഖരൻ, സെക്രട്ടറി | LF 6537/ Spl.cell/SC1/2000 17.9.01/12.11.01 | 8800/- | Rs.6496 (29843/54/Dt.12.5.06) Rs.2166 ( 29846/20/Dt.17.06.06) Rs.2166 (29846/58/Dt.12.07.06) Rs.2166 (29846/89/Dt.22.7.06) ആകെ 12994 (നഷ്ട തുക 8800 രൂപയും പലിശയും) | -- | -- | -- | 12994 | 0 |
| 1 | 2002-03 | 3 | ശ്രീ.കെ.എം കുഞ്ഞിമൊയ്തീൻ | LF 2993/Spl.Cell/SC5/04/26.8.04 | 921/- | 921 (Rt 33676/43/ Dt 31.1.2011) | -- | -- | -- | 921 | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63904434 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53550896 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1330854 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 11,99,116 | ശ്രീ.അബ്ദുന്നാസർ.ടി, സെക്രട്ടറി |
| 3-4 | 14,010 | ശ്രീ. വനജ.പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 43,750 | റോയ് മാത്യു,ഹെഡ് മാസ്റ്റർ |
| 3-14 | 73,978 | ഡോ. ഉമാ വേണുഗോപാൽ |
| **ആകെ** | 13,30,854 | |

**(സി)** **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി)** **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1.ശ്രീ.അബ്ദുന്നാസർ, സെക്രട്ടറി | സെക്രട്ടറി, എടരിക്കോട് ഗ്രാമ പഞ്ചായത്ത് | പിലാശ്ശേരി വീട്, കണ്ണാടിക്കൽ, വെങ്ങേരി (പി.ഒ), കോഴിക്കോട്-പിൻ. 6763010 |
| 2.റോയ് മാത്യു, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, GUPS, ക്ലാരി. | പുത്തലത്ത് ഹൗസ്, കൽപ്പകഞ്ചേരി (പി.ഒ), മലപ്പുറം ജില്ല. |
| 3. ഡോ. ഉമ വേണുഗോപാൽ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, എടരിക്കോട് | പ്രതീക്ഷ, പറങ്കി മൂച്ചിക്കൽ, ചാപ്പനങ്ങാടി (പി.ഒ), മലപ്പുറം ജില്ല.-676501. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2 | 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 3 | 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 4 | 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |
| 5 | 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 6 | 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 7 | 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 8 | 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 9 | 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |
| 10 | 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |
| 11 | 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 30.11.13 | 7 |
| 12 | 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി 14.07.15 | 10 |
| 13 | 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 03.08.16 | 17 |
| 14 | 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 07.1.17 | 13 |
| 15 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തിയ്യതി 15-07-2017 | 17 |
| 16 | 2017-18 | കെ എസ് എ എം പി എം14/2414/18 തിയ്യതി 07/12/2018 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.14/1837/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in


തീയ്യതി.05.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രജ് നിയമം - വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം